കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 - വടകര നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി - ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 1792/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 31.05.2017**

പരാമർശം :- (1) ജി.ഒ.(സാധാ)നം. 332/12/ധന തീയതി 11/06/2012

(2) ശ്രീ.സി.കെ.നാണു എം.എൽ.എയുടെ കത്ത്

(3) 16.05.2017 ാം തീയതിയിലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡി.ബി.4-6270 /2017/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (2) പ്രകാരം വടകര നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.സി.കെ.നാണു എം.എൽ.എ യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും " നെല്ലിയങ്കര റോഡ് നവീകരണം- ചേറോട് പഞ്ചായത്ത്" എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് അടങ്കൽ തുകയായ പത്ത് ലക്ഷം രൂപയ്ക്ക് ഭരണാനുമതിക്ക് വേണ്ടി അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വടകര നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.സി.കെ.നാണു എം.എൽ.എ യുടെ 2016-17 ലെ ആസ്തിവികസന പദ്ധതിയിൽ നിന്നും " നെല്ലിയങ്കര റോഡ് നവീകരണം- ചേറോട് പഞ്ചായത്ത്" എന്ന പ്രവൃത്തിയ്ക്കായി ആകെ അടങ്കൽ തുകയായ **10** ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവും വകുപ്പു സംബന്ധമായ നടപടിക്രമങ്ങളും ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ഭരണാനുമതി നൽകുന്നു..

3. ഇതു സംബന്ധിച്ച ചെലവ് **'4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി- എ.ഡി.എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**